ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 23.01.2025** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1) നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മവാർഷികദിനം രാജ്യം ഇന്ന് പരാക്രം ദിവസായി ആചരിക്കുന്നു. നേതാജിയുടെ അചഞ്ചലമായ ആത്മസമർപ്പണം വരുംതലമുറകളെ പ്രചോദിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Parakram Diwas being celebrated on the occasion of 128th Birth anniversary of Netaji Subhas Chandra Bose today. Netaji's ideals and unwavering dedication to India's freedom will continue to inspire us, says Prime Minister Narendra Modi.**

2) റിപ്പബ്ലിക് ദിന പരേഡിന് മുന്നോടിയായുള്ള ഫുൾ ഡ്രസ്സ് റിഹേഴ്സൽ ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടന്നു.

   **A full dress rehearsal of Republic Day parade took place on Kartavya Path in the national capital today**

3) സംസ്ഥാനത്ത് വന്യജീവി ആക്രമണം വർദ്ധിച്ചുവരുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

   **Opposition Walkout in Kerala Assembly today over increasing incidents of Human-Wildlife conflict across the state.**

4) ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.

**Political parties intensified campaigns for Delhi Assembly polls.**

5) ജൽഗാവ് ട്രെയിനപകടത്തിൽ മരണസംഖ്യ 13 ആയി.

**Death toll from the Jalgaon Pushpak Express accident in Maharashtra has risen to 13, with 10 of the deceased identified so far.**

6) ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് ജംഷഡ്പൂർ എഫ്.സി യെ നേരിടും.

**In ISL Football Hyderabad will take on Jamshedpur FC today.**

**********************************

## HEADLINE 1

## NETAJI- PREZ- VP- PM (INTRO)

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 128 ആം ജന്മവാർഷികദിനം രാജ്യം ഇന്ന് പരാക്രം ദിവസായി ആചരിക്കുന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയ പ്രമുഖർ നേതാജിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. സ്വാതന്ത്ര്യ സമരത്തിൻറെ ഭാഗമാകാൻ നിരവധി പേരെ അദ്ദേഹം പ്രചോദിപ്പിച്ചതായും, നേതാജിയുടെ പ്രവർത്തനങ്ങൾ വരുംതലമുറയ്ക്ക് പ്രചോദനമാകുമെന്നും രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. നേതാജിയുടെ മാതൃകാപരമായ സമർപ്പണബോധവും ഉദാത്തമായ സംഭാവനകളും അദ്ദേഹത്തിന്റെ സവിശേഷമായ വീക്ഷണങ്ങളുടെ തെളിവാണെന്ന് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി നേതാജി കാഴ്ചവച്ച അചഞ്ചലമായ ആത്മസമർപ്പണം

വരുംതലമുറകളെ ഏറെ പ്രചോദിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ബരാബതി ഫോർട്ടിൽ നടക്കുന്ന ആഘോഷങ്ങളെ വീഡിയോ സന്ദേശത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. രാജ്യം വികസനത്തിന്റെ പാതയിൽ മുന്നോട്ട് കുതിക്കുന്നതിന് നേതാജിയുടെ വീക്ഷണങ്ങൾ ദിശാബോധം നൽകുമെന്നും അദ്ദേഹം പറഞ്ഞു, പരാക്രം ദിവസിനോടനുബന്ധിച്ച് നേതാജിയുടെ ജന്മനാടായ ഒഡീഷയിലെ കട്ടക്കിൽ കേന്ദ്ര സാംസ്കാരിക മന്ത്രാലയം ഇന്ന് പ്രത്യേക പരിപാടികളും സംഘടിപ്പിച്ചു.

*****************************

**HEADLINE 2**

## REPUBLIC FULL DRESS REHEARSAL

റിപ്പബ്ലിക് ദിന പരേഡിന് മുന്നോടിയായുള്ള ഫുൾ ഡ്രസ്സ് റിഹേഴ്സൽ ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ ഇന്ന് നടന്നു. രാവിലെ 10.30 ന് വിജയ് ചൗക്കിൽ നിന്ന് ആരംഭിച്ച് ചുവപ്പ് കോട്ട വരെയാണ് പരിശീലന പരേഡ്. രാജ്യത്തിൻറെ സൈനിക ശക്തി വിളിച്ചോതുന്ന ടി-90 ടാങ്ക്, നാഗ് മിസൈൽ സംവിധാനം തുടങ്ങിയവ പരേഡിൽ അണിനിരക്കുന്നുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സായുധ സേനകളും ടാബ്ലോകളും ഉൾപ്പെടെ ഫുൾ ഡ്രസ്സ് റിഹേഴ്സലിൽ പങ്കെടുക്കുന്നുണ്ട്. ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ദേശീയ തലസ്ഥാനത്ത് വിപുലമായ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

*****************************

**HEADLINE 3**

## OPPOSITION WALKOUT (INTRO)

സംസ്ഥാനത്ത് വന്യജീവി ആക്രമണം വർദ്ധിച്ചുവരുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ

വാക്ക് ഔട്ട്. മലയോര മേഖലയിലെ ജനങ്ങളോട് സംസ്ഥാന സർക്കാരിനുള്ളത് സത്യസന്ധതയില്ലാത്ത സമീപനമാണെന്ന് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയ പ്രതിപക്ഷ അംഗം മാത്യു കുഴൽ നാടൻ ആരോപിച്ചു. കേരളത്തിൽ വന്യ ജീവി ആക്രമണം വർധിച്ചു വരികയാണെന്നും 2023-24 കാലയളവിൽ മാത്രം 9,800 ലേറെ മനുഷ്യ- വന്യജീവി സംഘർഷം സംസ്ഥാനത്ത് ഉണ്ടായതായും പ്രതിപക്ഷം ചൂണ്ടിക്കാട്ടി.

(ഹോൾഡ്-മാത്യു)

വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിന് സമഗ്രമായ സമീപനമാണ് വനം വകുപ്പ് സ്വീകരിച്ചു വരുന്നതെന്നും, ആക്രമണം മൂലമുണ്ടാകുന്ന മരണങ്ങളിൽ കുറവ് വന്നതായും മന്ത്രി എ കെ ശശീന്ദ്രൻ മറുപടി നൽകി. കാട്ടാന ആക്രമണത്തിൽ മരണമടഞ്ഞ നിലമ്പൂർ സ്വദേശി സരോജനിയുടെയും കോതമംഗലം സ്വദേശി എൽദോസിന്റെയും കുടുംബത്തിന് ആനുകൂല്യം നൽകുമെന്നും മന്ത്രി അറിയിച്ചു,

(ഹോൾഡ്-മന്ത്രി)

മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു.

******************************

## CM-ASSEMBLY

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിൽ പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ടൗൺഷിപ്പിനായി ഭൂമി വിലയ്ക്ക് വാങ്ങുമെന്നും ഭാവിയിൽ ഒരു നിലകൂടി നിർമിക്കാൻ കഴിയുന്ന രീതിയിലാണ് വീടുകൾ നിർമിക്കുകയെന്നും അദ്ദേഹം നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു.വയനാട്ടിൽ

ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരെ ശാസ്ത്രീയ പഠനത്തിൻറെ അടിസ്ഥാനത്തിൽ മാറ്റിപ്പാർപ്പിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

*****************************

**HEADLINE 4**

# DELHI-ELECTION CAMPAIGN

70 അംഗ ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. ബിജെപിയും, ആം ആദ്മി പാർട്ടിയും, കോൺഗ്രസും പ്രമുഖ നേതാക്കളെ പങ്കെടുപ്പിച്ച റോഡ് ഷോകളിലൂടെയും പൊതുയോഗങ്ങളിലൂടെയും പരമാവധി വോട്ടുകൾ ഉറപ്പിക്കുന്നതിനുള്ള പരിശ്രമത്തിലാണ്. ബി ജെ പി ക്കായി ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി, മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് തുടങ്ങിയവർ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. ആം ആദ്മി പാർട്ടിക്കായി പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മൻ, പാർട്ടി നേതാവ് സഞ്ജയ് സിംഗ് തുടങ്ങിയവർ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും. കോൺഗ്രസ്സിനായി മുതിർന്ന നേതാവ് രാഹുൽ ഗാന്ധി മുസ്തഫാബാദ് നിയോജകമണ്ഡലത്തിൽ ഇന്ന് മെഗാ റാലി നടത്തും. ഫെബ്രുവരി 5 നാണ് ഡൽഹിയിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ എട്ടിന് നടക്കും.

*****************************

**HEADLINE 5**

# ADD TRAIN ACCIDENT

ജൽഗാവ് ട്രെയിനപകടത്തിൽ മരണസംഖ്യ 13 ആയി. മരിച്ചവരിൽ 10 പേരെ തിരിച്ചറിഞ്ഞു. തീവണ്ടിയുടെ ചക്രങ്ങളിൽ നിന്ന് പുക ഉയർന്നതിനെത്തുടർന്ന്

തീപിടിത്തമുണ്ടാകുമെന്ന് ഭയന്ന് ട്രാക്കിലേക്കിറങ്ങിയ പുഷ്പക് എക്സ്പ്രസ് യാത്രക്കാരാണ് ഇന്നലെ വൈകുന്നേരം അപകടത്തിൽപ്പെട്ടത്. എതിരെ വന്ന കർണാടക എക്സ്പ്രസ് ഇവർക്കിടയിലേക്ക് പാഞ്ഞുകയറുകയായിരുന്നു. അപകടത്തിൽ രാഷ്ട്രപതിയും, പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ ദു:ഖം രേഖപ്പെടുത്തി. മരിച്ചവരുടെ ആശ്രിതർക്ക് മഹാരാഷ്ട്ര സർക്കാർ 5 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. മുംബൈയിൽ നിന്നുള്ള എട്ടോളം ട്രെയിൻ സർവീസുകൾ അപകടത്തെ തുടർന്ന് വൈകിയോടുന്നതായി റെയിൽവേ അറിയിച്ചു.

******************************

## ECI-CONFERENCE

തിരഞ്ഞെടുപ്പ് നടത്തിപ്പിന്റെ ചുമതല വഹിക്കുന്ന ആഗോള സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സമ്മേളനം ന്യൂഡൽഹിയിൽ ആരംഭിച്ചു. രണ്ടു ദിവസത്തെ സമ്മേളനത്തിൽ 13 രാജ്യങ്ങളിൽ നിന്നുമായി മുപ്പതിലധികം പ്രതിനിധികൾ പങ്കെടുക്കും.

******************************

## JK-MYSTERIOUS ILLNESS

ജമ്മു കശ്മീരിലെ, രജൗരി ജില്ലയിൽ ദുരൂഹ രോഗം ബാധിച്ച നാല് പേരെ കൂടി ആശുപത്രിയിലേക്ക് മാറ്റി. ബദാൽ ഗ്രാമത്തിൽ നിന്നുള്ള മൂന്ന് സഹോദരിമാർ ഉൾപ്പെടെ നാലുപേരെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കഴിഞ്ഞ 50 ദിവസത്തിനിടെ പ്രദേശത്ത് 'അജ്ഞാത രോഗം' ബാധിച്ച് 17 പേരാണ് മരിച്ചത്. മുൻപ് മരണമടഞ്ഞവരുടെ അടുത്ത ബന്ധുക്കൾക്കാണ് ഇപ്പോൾ രോഗം ബാധിച്ചിരിക്കുന്നത്. കൂടുതൽ പേരിലേക്ക് ഇത് ബാധിക്കുന്നത് തടയുന്നതിനായി പ്രദേശത്തെ

കണ്ടയിൻറ്മെൻറ് സോണായി പ്രഖ്യാപിച്ചിരുന്നു. മരണകാരണം അന്വേഷിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക സംഘം അന്വേഷണം തുടരുകയാണ്.

*****************************

## MAHAKUMBH- RAILWAY

മൗനി അമാവാസി ദിനത്തോടനുബന്ധിച്ച് മഹാകുംഭമേളയിലെ ഭക്തജന പ്രവാഹം കണക്കിലെടുത്ത് 150-ലധികം പ്രത്യേക ട്രെയിൻ സർവീസുകൾ ഏർപ്പെടുത്താനൊരുങ്ങി ഇന്ത്യൻ റെയിൽവേ . 8 മുതൽ 10 കോടി വരെ ഭക്തർ ഈ ദിനത്തിൽ പുണ്യസ്നാനം നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

*****************************

## WB - RG KAR

ആർജി കർ മെഡിക്കൽ കോളേജ് കേസിൽ പ്രതി സഞ്ജയ് റോയിക്ക് വധശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ട് കൊൽക്കത്ത ഹൈക്കോടതിയിൽ സിബിഐ അപ്പീൽ നൽകി. ബലാത്സംഗവും, കൊലപാതകവും തെളിഞ്ഞതായി കൊൽക്കത്ത കോടതി കണ്ടെത്തിയിരുന്നു. ജീവപര്യന്തം തടവാണ് സെഷൻസ് കോടതി പ്രതിയ്ക്ക് വിധിച്ചത്.

*****************************

### HEADLINE 6

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് ജംഷഡ്പൂർ എഫ്.സി യെ നേരിടും. ഹൈദരാബാദിലെ ജി.എം.സി ബാലയോഗി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

*****************************

## RENJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളവും മധ്യപ്രദേശുമായുള്ള ഗ്രൂപ്പ് മത്സരം തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ഒന്നാം ഇന്നിങ്സിൽ ആദ്യം ബാറ്റിങ്ങിന് ഇറങ്ങിയ മധ്യപ്രദേശ് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 6 വിക്കറ്റ് നഷ്ടത്തിൽ 92 റൺസ് എന്ന നിലയിലാണ്.

*****************************

## DAY HOCKEY-HIL

ഹോക്കി ഇന്ത്യ ലീഗ്, വനിതാ വിഭാഗത്തിൽ ഒഡീഷ വാരിയേഴ്സ് ഇന്ന് ഡൽഹി എസ്ജി പൈപ്പേഴ്സിനെ നേരിടും. വൈകുന്നേരം 6:15 ന് റാഞ്ചിയിലാണ് മത്സരം. പുരുഷ വിഭാഗത്തിൽ, തമിഴ്നാട് ഡ്രാഗൺസ് ഇന്ന് രാത്രി 8.15 ന് ഹൈദരാബാദ് തൂഫാൻസുമായി ഏറ്റുമുട്ടും.

*****************************

## TRUMP

ജന്മാവകാശ പൗരത്വം പിൻവലിക്കാനുള്ള അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ തീരുമാനത്തിനെതിരെ 22 യുഎസ് സ്റ്റേറ്റുകൾ കോടതിയെ സമീപിച്ചു. ഡെമോക്രാറ്റുകൾ ഭരിക്കുന്ന സ്റ്റേറ്റുകളും, പൗരാവകാശ സംഘടനകളുമാണ് തീരുമാനത്തിനെതിരെ നിയമ നടപടികളുമായി മുന്നോട്ട് പോവുന്നത്. അനധികൃത കുടിയേറ്റക്കാരുടെയും, താത്കാലിക വിസക്കാരുടെയും യുഎസിൽ ജനിക്കുന്ന കുട്ടികൾക്ക് ഇനിമുതൽ ജന്മാവകാശ പൗരത്വം അനുവദിക്കില്ല എന്ന തീരുമാനം അധികാരമേറ്റയുടൻ ഡോണൾഡ് ട്രംപ് കൈക്കൊണ്ടിരുന്നു.

*****************************

## US SCHOOL ATTACK

യുഎസ്സിലെ നാഷ്‌വിൽ ആന്റിയോക്ക് ഹൈസ്കൂളിൽ ഇന്നലെയുണ്ടായ വെടിവയ്പ്പിൽ രണ്ട് വിദ്യാർത്ഥികൾ കൊല്ലപ്പെട്ടു. പിസ്റ്റളുമായി എത്തിയ 17 വയസ്സുള്ള വിദ്യാർത്ഥി സ്കൂളിലെ കഫറ്റീരിയയിൽ ഒന്നിലധികം തവണ വെടിയുതിർക്കുകയായിരുന്നു. യുഎസ്സിൽ കഴിഞ്ഞ വർഷം 39 തവണയാണ് സ്കൂളുകളിൽ വെടിവയ്പ്പ് ഉണ്ടായത്.

*****************************

## IMD WEATHER

ജമ്മു-കശ്മീർ-ലഡാക്ക്-ഗിൽജിത്-ബാൾട്ടിസ്ഥാൻ മുസാഫറാബാദ്, ഹിമാചൽ പ്രദേശ് മേഖലകളിൽ നാളെ വരെ ശൈത്യ തരംഗത്തിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഝാർഖണ്ഡിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും മൂടൽമഞ്ഞിന് സാധ്യതയുണ്ടെന്നും കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി.

*

***********

*********************************************